19. ശ്രീ. കുരുവിള തോമസ് ഐ.എഫ്.എസ്.

57 (2367) നെടുമങ്ങാട് താലൂക്കിലെ പോലീസിന്റെ അപര്യാപ്തത

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ ക്രമസമാധാനപാലനത്തിന് മതിയായ പോലീസ് ഇല്ലെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെടുമങ്ങാട് ക്രമസമാധാനപാലനത്തിനായി നെയ്യാറ്റിൻകരയിൽനിന്നും പോലീസിനെക്കൊണ്ടുവരേണ്ട സാഹചര്യം ഒഴിവാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നെടുമങ്ങാട് കേന്ദ്രമായി രണ്ടു കമ്പനികൾ ഉള്ള ഒരു സബ് ക്യാമ്പ് തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് താലൂക്കിൽ ക്രമസമാധാനപാലനത്തിന് മതിയായ പോലീസ് സംവിധാനം നിലവിലുണ്ട്. നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട്, വലിയമല, വിതുര, പാലോട്, പൊൻമുടി, ആര്യനാട്, വട്ടപ്പാറ, വെഞ്ഞാറമൂട്, പാങ്ങോട് എന്നീ സ്ഥലങ്ങളിൽ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു. കൂടാതെ നെടുമങ്ങാട് സബ് ഡിവിഷനിലുൾപ്പെടുന്നതും നെടുമങ്ങാട് താലൂക്കിന്റെ സമീപപ്രദേശങ്ങളിലുള്ളതുമായ പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരേയും ക്രമസമാധാന പ്രശ്നമുണ്ടായാൽ നിയോഗിക്കാറുണ്ട്. മാത്രവുമല്ല ആവശ്യമുള്ള ഘട്ടങ്ങളിൽ നെടുമങ്ങാട് താലൂക്കിന്റെ അടുത്തുള്ള എസ്.എ.പി. ബറ്റാലിയനിൽനിന്നും പോലീസ് സേനാംഗങ്ങളെ നിയോഗിക്കാറുണ്ട്.

(ബി) ക്രമസമാധാന പാലനത്തിനായി ജില്ലാ ആംഡ് റിസർവ്വിൽനിന്നുള്ള പോലീസുകാരുടെ സേവനം ആവശ്യമായി വരുമ്പോൾ മാത്രം നെയ്യാറ്റിൻകരയിലുള്ള തിരുവനന്തപുരം റൂറൽ ജില്ലാ എ.ആർ. ക്യാമ്പിൽനിന്നും സേനാംഗങ്ങളെ നിയോഗിക്കാറുണ്ട്.

(സി) നെടുമങ്ങാട് താലൂക്കിൽ ക്രമസമാധാനപ്രശ്നം ഉണ്ടാകുമ്പോൾ സമീപപ്രദേശമായ നെയ്യാറ്റിൻകര എ.ആർ.ക്യാമ്പിൽനിന്നും പോലീസ് സേനാംഗങ്ങളെ നിയോഗിക്കാറുണ്ട്. ആയതിനാൽ ഒരു സബ് ക്യാമ്പ് അവിടെ തുടങ്ങുവാൻ തൽക്കാലം സർക്കാരിന് ഉദ്ദേശമില്ല.

58 (2368) ടെക്നിക്കൽ വിഭാഗത്തിലെ പോലീസുകാർ

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 8-8-1994-ലെ ജി.ഒ.(എം.എസ്.) 139/94 ഹോം എന്ന ഉത്തരവു പ്രകാരം ടെക്നിക്കൽ വിഭാഗത്തിലുള്ള പോലീസുകാർ ഏതു റാങ്കിലാണ് അയിപ്പെടുന്നതെന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly